## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

04.06.2018-ൽ
മറുപടി നൽകേണ്ടിയിരുന്നത്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 161

### ദളിത് വിഭാഗങ്ങൾക്ക് നേരെയുള്ള അക്രമം

| | ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.റോജി.എം.ജോൺ<br>ശ്രീ.അനിൽ അക്കര<br>ശ്രീ. അടൂർ പ്രകാശ്. | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥനത്ത് ദളിത് വിഭാഗങ്ങൾക്ക് നേരെയുള്ള അക്രമവും പീഢനവും വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (എ) | നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ക്രൈം ഇൻ ഇന്ത്യ കണക്കനുസരിച്ച് കേരളത്തിൽ നേരിയ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.ദളിത് വിഭാഗങ്ങൾക്ക നേരെയുള്ള വളരെ ചെറിയ തോതിലുള്ള അതിക്രമങ്ങൾ പോലും യഥാസമയം കേസുകൾ രജിസ്റ്റർ ചെയ്യുന്നത് കൊണ്ടാണ് അതിക്രമകേസുകളുടെ എണ്ണം മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ച് വരുന്നത്. |
| (ബി) | തൃശ്ശൂർ ചേങ്ങാലൂരിൽ ദളിത് യുവതിയായ ജിത്തുവിനെ ഭർത്താവ് പട്ടാപ്പകൽ പൊതു ജനമധ്യത്തിൽ വച്ച് കൊന്ന സംഭവത്തിൽ പ്രതിക്ക് സി.പി.എം പ്രവർത്തകരുടെ സഹായം ലഭിച്ചുവെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ; | (ബി) | കേസ്സ് അന്വേഷണം നടന്നു വരുകയാണ്. |
| (സി) | കുടുംബശ്രീ പ്രവർത്തകയായ ജിത്തുവിനെ ഒരു രാഷ്ട്രീയ | (സി) | ആരോപണത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി- |

| | | | |
|---|---|---|---|
| (സി) | കുടുംബശ്രീ പ്രവർത്തകയായ ജിജ്ഞുവിനെ ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകർ കുടുംബശ്രീ യോഗത്തിലേക്ക് വിളിച്ചു വരുത്തി പഞ്ചായത്ത് അംഗം ഉൾപ്പെടെയുള്ളവർ കണ്ടു നിൽക്കെ പ്രതി പെട്രോളൊഴിച്ച് തീ കൊളുത്തിയിട്ടും അക്രമം തടയുന്നതിനോ യുവതിയെ രക്ഷിക്കുന്നതിനോ ആരും തയ്യാറായില്ലായെന്ന് കൊല്ലപ്പെട്ട യുവതിയുടെ പിതാവ് വെളിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (സി) | ആരോപണത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുള്ളതും ഈ ആരോപണം അടിസ്ഥാന രഹിതമാണെന്നും അവിടെ കൂടിയിരുന്നവരിൽ മിക്കവരും രക്ഷാ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുണ്ടെന്നും വ്യക്തമായിട്ടുള്ളതാണ്. |
| (ഡി) | ഇത്തരം കേസുകളിൽ പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിന് സഹായകമായ വിധത്തിൽ കുറ്റപത്രം കാലതാമസം കൂടാതെ സമർപ്പിക്കുന്നതിന് പ്രത്യേക അന്വേഷണ സംഘങ്ങളെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ഇത്തരം കേസുകളിൽ പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്ന വിധത്തിൽ കുറ്റപത്രം കാലതാമസം കൂടാതെ സമർപ്പിക്കുന്നതിന് ഡി.വൈ.എസ്.പി-യിൽ കുറയാത്ത പോലീസ് ഓഫീസർമാരുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘങ്ങളെ തന്നെയാണ് ജില്ലാ പോലീസ് മേധാവിമാർ നിയോഗിച്ചു വരുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ